"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"

www.keralaprisons.gov.in

കേരള പ്രിസൺസ്
&
കറക്ഷണൽ
സർവ്വീസസ്

ആസ്ഥാനകാര്യാലയം,
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം

0471-2342532
keralaprisons@gov.in

തീയതി: **20-11-2026**

സർക്കുലർ നം: 16 / 2026 (KPCS/6188/2026-E1)

സംസ്ഥാനത്ത് വയോജന ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായും ഏകോപിതമായും നടപ്പിലാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് സീനിയർ സിറ്റിസൺ എന്ന വകുപ്പിന്റെ സംസ്ഥാനതല ഡയറക്ടറേറ്റിലും 14 ജില്ലാതല ഓഫീസുകളിലുമായി വിവിധ തസ്തികകളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനായി യോഗ്യരായ സംസ്ഥാന സർക്കാർ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് സാമൂഹികനീതി വകുപ്പ് ഡയറക്ടർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത വിജ്ഞാപനപ്രകാരം ഡെപ്യൂട്ടി ഡയറക്ടർ, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക്, സീനിയർ ക്ലാർക്ക്, ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, പ്രോഗ്രാം ഓഫീസർ എന്നീ തസ്തികകളിലേക്കാണ് ഡെപ്യൂട്ടേഷൻ നിയമനം നടത്തുന്നത്. ബന്ധപ്പെട്ട തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള സമാന ശമ്പള സ്കെയിലിൽ വിവിധ വകുപ്പുകളിൽ സേവനമനുഷ്ഠിക്കുന്ന സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അപേക്ഷിക്കാവുന്നതാണ്. മാതൃവകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രം (NOC) സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

അപേക്ഷകൾ സാമൂഹിക നീതി വകുപ്പിൽ സമർപ്പിക്കേണ്ട അവസാന തീയതി 05.12.2026 ആണ്.

വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു. വിജ്ഞാപനത്തിൽ പരാമർശിച്ചിട്ടുള്ള യോഗ്യതയും സമാന ശമ്പള സ്കെയിലും ഉള്ളതും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കാൻ താൽപര്യമുള്ളതുമായ ജീവനക്കാർക്ക് വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷ സമർ പ്പിക്കാവുന്നതാണ്. **അപേക്ഷകൾ 28.11.2026 -ന് മുന്പായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.** സർക്കുലർ അടിയന്തര പ്രാധാന്യത്തോടെ

ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടി സ്ഥാപനമേധാവികൾ സ്വീകരിക്കേണ്ടതാണ്.

ഉള്ളടക്കം: സാമൂഹികനീതി വകുപ്പ് ഡയറക്ടറുടെ വിജ്ഞാപനത്തിന്റെ പകർപ്പ്.

DINESH B

DEPUTY INSPECTOR GENERAL OF PRISONS(HQ)

സ്വീകർത്താവ്: എല്ലാ മേഖലാ ഡി.ഐ. ജി മാർക്കും / ജയിൽ സൂപ്രണ്ടുമാർക്കും / ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും

പകർപ്പ്: ടെക്നിക്കൽ സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിന്)

Digitally signed by
Dinesh Bhagavathi Pillai
Date: 20-11-2026
12:38:00